"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണവകുപ്പ്- ബഡ്ജറ്റ് പ്രവൃത്തി - 2023-24 -പാലക്കാട് ജില്ല കോങ്ങാട് നിയോജകമണ്ഡലം - മണ്ണൂർ ഗ്രാമപഞ്ചായത്തിലെ' **പത്തിരിപ്പാല സ്കൂൾ കെട്ടിടം' എന്ന പ്രവൃത്തിയ്ക്ക്** ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.510/2026/LSGD തീയതി,തിരുവനന്തപുരം, 27-02-2026

പരാമർശം:- 1 GO(P)No.67/2021/ധന തീയതി 28.04.2021 നമ്പർ സർക്കാർ ഉത്തരവ്

2 തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 14.08.2025 ലെ LSGD/PD/20504/2025-DB5 നമ്പർ കത്ത്

**ഉത്തരവ്**

2023-24 ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II. ക്രമ നം. 2298 പ്രകാരം 300 ലക്ഷം രൂപ അടങ്കൽ തുക ഉൾപ്പെടുത്തിയിട്ടുള്ളതും 20% തുകയായ 60 ലക്ഷം രൂപ വകയിരുത്തിയതുമായ കോങ്ങാട് നിയോജകമണ്ഡലം മണ്ണൂർ ഗ്രാമപഞ്ചായത്തിലെ പത്തിരിപ്പാല സ്കൂൾ കെട്ടിടം എന്ന പ്രവൃത്തിയുടെ PRICE 3 മുഖേന തയ്യാറാക്കിയ 300 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും അനുബന്ധരേഖകളും ഭരണാനുമതി ലഭ്യമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പരാമർശം (1) പ്രകാരം സർക്കാരിൽ ശിപാർശ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 ലേക്കുള്ള വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II. ക്രമ നം. 2298 ആയി 20% തുക വകയിരുത്തി ഉൾപ്പെടുത്തിയിരിയ്ക്കുന്ന കോങ്ങാട് നിയോജകമണ്ഡലം, മണ്ണൂർ ഗ്രാമപഞ്ചായത്തിലെ **'പത്തിരിപ്പാല സ്കൂൾ കെട്ടിടം'** എന്ന പ്രവൃത്തിക്ക് ചുവടെ ചേർക്കുന്ന CTE -യുടെ റിമാർക്ക്സിന് വിധേയമായും, സെന്റേജ് ചാർജ്ജുമായി ബന്ധപ്പെട്ട പരാമർശം (1) സർക്കാർ ഉത്തരവിലെ ഖണ്ഡിക 7.1.ii നിബന്ധനകൾ പാലിക്കേണ്ടതാണെന്ന വ്യവസ്ഥയോടും കൂടി 300 ലക്ഷം രൂപയുടെ (മുന്നൂറ് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകിയും, ടി ചെലവ് **'4515-00-800- 92(NP)'** എന്ന ശീർഷകത്തിൽ അനുവദിച്ച അഡിഷണൽ പ്രൊവിഷനിൽ നിന്നും വഹിക്കുന്നതിന് അനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**അഭിപ്രായങ്ങൾ**

1. സർക്കാർ അംഗീകൃത ഏജൻസികൾ വഴി പ്രവൃത്തികൾ നടത്തുമ്പോൾ അംഗീകൃത ഏജൻസികളുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ ഉത്തരവുകളും തദ്ദേശ സ്വയംഭരണ ചീഫ് എഞ്ചിനീയർ പാലിക്കണം.

2. ജി.എസ്.ടി നിരക്ക് വർദ്ധനവിന് ആവശ്യമായ അധിക വ്യവസ്ഥയായി എസ്റ്റിമേറ്റിൽ ₹ 26,71,56.11/- ന്റെ എൽഎസ് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത് പരിശോധിച് സാങ്കേതിക അനുമതി നൽകുന്നതിനു മുമ്പ് ടിഎസ് അതോറിറ്റി ആയത് ഒഴിവാക്കണം.

3. സാങ്കേതിക അനുമതി നൽകുന്നതിനുമുമ്പ് ഈ മേഖലയിൽ നല്ല വൈദഗ്ധ്യമുള്ള സർക്കാർ അംഗീകൃത ഏജൻസികൾ വഴി നടത്തിയ വിശദമായ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ ടിഎസ് അതോറിറ്റി നിർദ്ദിഷ്ട കെട്ടിടത്തിന്റെ അടിസ്ഥാന ആവശ്യകതകൾ ഉറപ്പാക്കണം

4. സാമ്പത്തികം കണക്കിലെടുത്ത് സാങ്കേതിക അനുമതി നൽകുന്നതിനുമുമ്പ് ടിഎസ് അതോറിറ്റി നിർദ്ദിഷ്ട കെട്ടിടത്തിന്റെ ഘടനാപരമായ പര്യാപ്തതയും സ്ഥിരതയും ഉറപ്പാക്കണം.

5. ആർസിസി ജോലികൾക്കായി എസ്റ്റിമേറ്റിൽ ലംപ്സം ഇനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. അതിനാൽ, ടി.എസ് അനുസരിച്ച് മുമ്പുള്ള ഡിസൈൻ ഡ്രോയിംഗുകളെ അടിസ്ഥാനമാക്കിയുള്ള ക്വാണ്ടിറ്റി രേഖപ്പെടുത്തണം.

6.എസ്റ്റിമേറ്റുകളിൽ നൽകിയിരിക്കുന്ന നിരീക്ഷിച്ച ഡാറ്റയ്ക്കായി സ്വീകരിച്ച നിരക്കുകളുടെ കൃത്യതയും നിർവ്വഹണ സമയത്ത് വസ്തുക്കളുടെ ഗുണനിലവാരവും ടി എസ് അതോറിറ്റി ഉറപ്പാക്കണം.

7. സാങ്കേതിക അനുമതി നൽകുന്നതിനുമുമ്പ്, എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ സൈറ്റ് വ്യവസ്ഥകൾക്കൊപ്പം സ്വീകാര്യമാണെന്ന് യോഗ്യതയുള്ള അതോറിറ്റി ഉറപ്പാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

1) പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
2) ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
3) സെക്രട്ടറി, മണ്ണൂർ ഗ്രാമപഞ്ചായത്ത്, പാലക്കാട് ജില്ല
4) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
5) ധന (വികസന) വകുപ്പ് (3290627/Dev-3/273/2025-Fin dated 05.02.2026-AS/LGD/25/49194)
6) ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
7) ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ&പി ആർ ഡി
8) കരുതൽ ഫയൽ (ഡി.ബി1/300/2025/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 28-02-2026 11:23:19